**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **04-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ആദിവാസികൾക്കുള്ള മാനസിക ആരോഗ്യ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ആദിവാസി മേഖലയിൽ മാനസിക ആരോഗ്യത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി മാസം തോറുമുള്ള ക്ലിനിക്കുകൾ ആദിവാസി മേഖലകളിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്ര ങ്ങളിലും നടന്നുവരുന്നു. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന സേവനവും, മാനസികാരോഗ്യ ഔഷധങ്ങളും നൽകിവരുന്നു. ദേശീയ മാനസികാ രോഗ്യപദ്ധതി- (NMHP) യും കോഴിക്കോട് IMHANS ഉം ജില്ലയിലെ ആദിവാസി വിഭാഗ ങ്ങൾക്കായി വിവിധ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽ ക്കരണവും സമഗ്ര മാനസികാരോഗ്യ പദ്ധതി (CMHP)-ക്ക് കീഴിൽ പ്രവർത്തിക്കുന്ന പകൽവീട്ടിൽ ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള അന്തേ വാസികളെ പാർപ്പിച്ച് ആവശ്യമായ പരിചരണം നൽകിവരുന്നു . ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി (DHMP) ജില്ലകളിലെ പ്രാഥമികാ രോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും മാനസികാരോഗ്യ ക്യാമ്പുകൾ നടത്തിവരുന്നു. |
| (ബി) | ആദിവാസി മേഖലയിലെ കൗമാരക്കാരായ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള മാനസിക - ആരോഗ്യ വളർച്ചാ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | മാനസികാരോഗ്യ പരിപാടിയുടെ കീഴിലുള്ള ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കൗമാരക്കാരായ കുട്ടികൾക്ക് വേണ്ടി ലഹരി വിരുദ്ധ ബോധവല്ക്കരണം, ലൈഫ് സ്കിൽ പരിശീലനം, കുട്ടികളുടെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ നേരത്തെ തന്നെ കണ്ടെത്തി പരിഹരിക്കുക എന്നിവ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ